# ദൈവത്തിൻറെ സത്യകൃപ

സാക് പുന്നൻ

WFTW 16 ഏപ്രിൽ 2017

'വ്യാജകൃപ'21ാം നൂറ്റാണ്ടിൻറെ ഒരു പ്രതിഭാസമല്ല. ഇത് അപ്പൊസ്തലന്മാരുടെ കാലത്തുപോലും പ്രസംഗിക്കപ്പെട്ടിരിക്കുന്നു. ' നിങ്ങൾക്ക് ദൈവത്തിൻറെ സത്യകൃപ ഉണ്ടോ എന്ന് നിങ്ങൾ നിങ്ങളെതന്നെ പരിശോധിച്ച് അറിയുക.
' നമ്മുടെ ദൈവത്തിൻറെ കൃപയെ ദുഷ്കാമ വൃത്തിക്ക് ഹേതുവാക്കി അഭക്തരായ ചിലർ സഭയിൽ നുഴഞ്ഞുവന്നിരിക്കുന്ന ' തിനെക്കുറിച്ച് യൂദാ പറഞ്ഞിരിക്കുന്നു. കൂടാതെ ' നാം ക്രിസ്ത്യാനികളായി കഴിഞ്ഞാൽ ദൈവത്തിൻറെ ശിക്ഷാവിധി ഭയപ്പെടാതെ നമുക്കു ഇഷ്ടമുള്ളതെല്ലാം ചെയ്യാൻ കഴിയും എന്നും അവർ പഠിപ്പിക്കുന്നു എന്ന് തുടർന്നു പറയുന്നു. ( യൂദ: 4 റ്റുഡേസ് ഇംഗ്ലീഷ് വെർഷനും ലിവിംഗ് ബൈബിളും).
അതുകൊണ്ട് ദൈവത്തിൻറെ സത്യകൃപ എന്താണ് എന്ന് വിശദീകരിക്കുന്ന ഒരു സമ്പൂർണ്ണലേഖനം എഴുതാൻ പത്രൊസ് പരിശുദ്ധാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ടു. (1 പത്രൊസ്). ആ ലേഖനത്തിൻറെ ഒടുവിൽ അദ്ദേഹം പറയുന്നു. ' ഇതാണ് ദൈവത്തിൻറെ സത്യകൃപ. അതിൽ ഉറച്ചുനിൽപ്പിൻ എന്ന് നിങ്ങളെ പ്രബോധിപ്പിച്ചും സാക്ഷീകരിച്ചുംകൊണ്ട് ഞാൻ ചുരുക്കമായി നിങ്ങൾക്ക് എഴുതിയിരിക്കുന്നു'.(1 പത്രൊ 5:12).
അതുകൊണ്ട്,നാം പത്രൊസിൻറെ ഒന്നാം ലേഖനം പഠിച്ചാൽ, സത്യകൃപ എന്താണെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും.
നിങ്ങളെതന്നെ പരിശോധിച്ച് നിങ്ങൾക്ക് ദൈവത്തിൻറെ സത്യകൃപ ഉണ്ടോ എന്ന് അറിയുക.

പരിശുദ്ധാത്മാവ് പറയുന്നു സത്യകൃപ:

- നിങ്ങളെ ദൈവ വചനത്തോടുള്ള അനുസരണത്തിൽ ജീവിക്കുന്നവരാക്കും നിങ്ങൾ രക്ഷിക്കപ്പെടാത്ത നാളുകളിൽ നിങ്ങളെ ഭരിച്ചിരുന്ന ദുർമ്മോഹങ്ങൾക്കനുസരിച്ചല്ല (1 പത്രൊ 1:14).
- ദൈവം വിശുദ്ധനായിരിക്കുന്നതു പോലെ വിശുദ്ധരായിരിക്കാനുള്ള ആഗ്രഹമുള്ളവരാക്കി നിങ്ങളെ തീർക്കുകയും നിങ്ങളുടെ എല്ലാ നടപ്പിലും നിങ്ങളുടെ ജീവിത രീതിയിലും വാസ്തവത്തിൽ വിശുദ്ധരായിരിക്കാൻ നിങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും. (1 പത്രെ 1:15).
- ഇനി ഒരിക്കലും പാപത്തെ ലഘുവായി കാണാത്തവിധത്തിൽ, ലോകത്തിലുള്ള സകല വെള്ളിയെയും പൊന്നിനെയുംകാൾ ക്രിസ്തുവിൻറെ രക്തത്തെ വിലവമതിക്കുന്നവരാക്കി നിങ്ങളെ തീർക്കും ( എന്തിനുവേണ്ടിയാണോ ക്രിസ്തു തൻറെ രക്തംചൊരിഞ്ഞത് ആ പാപത്തെ) ( 1 പത്രൊ 1:18,19)
- മറ്റുള്ളവരെ നിർമ്മല ഹൃദയത്തോടെ തീക്ഷണമായി സ്നേഹിക്കുവാൻ നിങ്ങളെ ശക്തിപ്പെടുത്തും( 1 പത്രൊ 1:22).
- ദുഷ്ടത, ചതിവ്, ആത്മാർത്ഥതയില്ലായ്മ, അഭിനയം, കാപട്യം, വൈരാഗ്യം,ശത്രുത, അസൂയ, അപവാദം, ദൂഷണം മുതലായവരുടെ ഓരോ കണിക്കുകയും വിട്ടുകളയുവാൻ നിങ്ങളെ പ്രാപ്തരാക്കും ( 1പത്രൊ 2:1 ആംപ്ലിഫൈഡ്)
- ഇപ്പോൾ ജനിച്ച ശിശുക്കൾ പാലിനുവേണ്ടി കരയുന്നതു പോലെ നിങ്ങളെ ദൈവ വചനത്തിനുവേണ്ടി വാഞ്ചിക്കുന്നവരാക്കും ( 1 പത്രൊ 2:2).

- ദൈവത്തിൻറെ കുടുംബത്തിലെ മറ്റുള്ളവരുടെ കൂടെ നിങ്ങളെയും ചേർത്ത് ദൈവത്തിന് ഒരാത്മിക ഗൃഹമായി പണിത് വ്യക്തിമാഹാത്മ്യവാദ ക്രിസ്ത്യാനിത്വത്തിൽ നിന്ന് നിങ്ങളെ വിടുവിക്കും ( 1പത്രൊ 2:5)
- സകല മാനുഷാധികാരങ്ങൾക്കും കർത്താവിൻ നിമിത്തം കീഴടങ്ങുവാൻ നിങ്ങളെ പ്രാപ്തരാക്കും ( 1 പത്രൊ 2:13).
- എല്ലാവരെയും ബഹുമാനിക്കുന്നവരാക്കിത്തീർക്കും (1 പത്രൊ 2:17) എല്ലാ സമയത്തും ശരിയായുള്ളതു ചെയ്തു കൊണ്ട് മറ്റുള്ളവരുടെ ബുദ്ധിയില്ലാത്ത വിമർശനങ്ങളെ മിണ്ടാതാക്കുവാൻ നിങ്ങളെ പ്രാപ്തരാക്കും ( 1 പത്രൊ 2:15)
- ഒരിക്കൽ പോലും പാപം ചെയ്തിട്ടില്ലാത്ത ക്രിസ്തുവിൻറെ കാൽചുവടുകളെ പിൻതുടരുവാൻ നിങ്ങളെ പ്രാപ്തരാക്കും ( 1 പത്രൊ 2:21,22)
- താൻ അധിക്ഷേപിക്കപ്പെട്ടപ്പോൾ പകരം അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യാതെ ന്യായമായി വിധിക്കുന്നവനായ പിതാവിങ്കൽ കാര്യം ഭാരമേൽപ്പിച്ചവനായ ക്രിസ്തുവിൻറെ മാതൃക പിൻതുടരുവാൻ നിങ്ങളെ പ്രാപ്തരാക്കും ( 1 പത്രൊ 2:23)
- ഭാര്യമാരായ നിങ്ങളെ നിങ്ങളുടെ ഭർത്താക്കന്മാർക്ക് സൗമ്യതയുടെയും സാവധാനതയുടെയും ആത്മാവോടെ കീഴടങ്ങിയിരിക്കുവാൻ പ്രാപ്തരാക്കും ( 1പത്രൊ 3:1 4)
- ഭർത്താക്കന്മാരായ നിങ്ങളെ, നിങ്ങളുടെ ഭാര്യമാരെ ജീവൻറെ കൃപയ്ക്ക് കൂട്ടവകാശികളായും, എല്ലായ്പോഴും അവർ ബലഹീനപാത്രങ്ങളാണെന്നും തിരിച്ചറിഞ്ഞ് അവരെ മാനിക്കുവാൻ പ്രാപ്തരാക്കും ( 1 പത്രൊ 3:7)
- ദോഷത്തിനു പകരം ദോഷവും ശകാരത്തിനു പകരം ശകാരവും ചെയ്യാതെ നിങ്ങൾ മറ്റുള്ളവർക്ക് ഒരനുഗ്രഹമായിരിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കും ( 1 പത്രൊ 3:9)
- നിങ്ങളുടെ നാവിനെ ദോഷം ചെയ്യാതെയും വ്യാജം പറയാതെയും സൂക്ഷിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കും ( 1 പത്രൊ 3:10)
- എല്ലായ്പോഴും എല്ലാവരോടും സമാധാനം അന്വേഷിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കും (1 പത്രൊ 3:11)
- യേശു ചെയ്തതു പോലെ നിങ്ങളെ നിങ്ങളുടെ സ്വയ ജീവനു മരിക്കുവാൻ ('ജഡത്തിൽ കഷ്ടമനുഭവിക്കുവാൻ') മനസ്സുള്ളവരാക്കി നിങ്ങളെ തീർക്കും അതുവഴി പാപം ചെയ്യുന്നത് പൂർണ്ണമായി നിർത്തലാക്കുവാൻ ഇടയാകും ( 1 പത്രൊ 4:1)
- നിങ്ങളുടെ ജീവിതത്തിൻറെ ശേഷിക്കുന്നകാലം മുഴുവൻ ദൈവത്തിൻറെ ഇഷ്ടം മാത്രം ചെയ്തു ജീവിക്കുന്നവരാക്കി തീർക്കും ( 1 പത്രൊ 4:2)
- ദിവ്യസ്നേഹത്താൽ മറ്റുള്ളവരുടെ പാപങ്ങളെ മറയ്ക്കുന്നവരാക്കിത്തീർക്കും (1 പത്രൊ 4:8)
- ക്രിസ്തുവിനു വേണ്ടി കഷ്ടം സഹിക്കുന്നതിൽ സന്തോഷിക്കുവാൻ നിങ്ങളെ പ്രാപ്തരാക്കും ( 1 പത്രൊ 4:13)
- മറ്റുള്ളവരുടെ കാര്യങ്ങളിൽ തിരക്കുള്ളവനാകുന്നതിൽ നിന്ന് നിങ്ങളെ സൂക്ഷിക്കും ( 1 പത്രൊ 4:15)
- മറ്റുള്ളവരെ വിധിക്കാതെ നിങ്ങളെ തന്നെ വിധിക്കുന്നവനാകും ( 1 പത്രൊ 4:17)
- സഭയുടെ മൂപ്പന്മാരായ നിങ്ങളെ താഴ്മയോടെയും ശമ്പളമൊന്നും പറ്റാതെയും ദൈവജനത്തെ ശുശ്രൂഷിക്കുവാൻ പ്രാപ്തിയുള്ളവരാക്കും ( 1 പത്രൊ 5:1)
- എല്ലാ സമയത്തും തന്നെത്താൻ താഴ്ത്തുവാൻ നിങ്ങളെ പ്രാപ്തരാക്കും ( 1 പത്രൊ 5:5,6)

- പ്രാപഞ്ചികമായ എല്ലാ ആകുല ചിന്തകളിൽ നിന്നും ദുഃഖങ്ങളിൽ നിന്നും നിങ്ങളെ സ്വതന്ത്രരാക്കും ( 1 പത്രൊ 5:7)
- എല്ലാ നേരവും ധൈര്യത്തോടെ ഉറച്ചു നിന്ന് സാത്താനോടെതിർക്കുവാൻ നിങ്ങളെ അധികാരപ്പെടുത്തും ( 1 പത്രൊ 5:8,9)

പരിശുദ്ധാത്മാവ് പറയുന്നത് ‘ ദൈവത്തിൻറെ സത്യകൃപ വിശ്വാസികളിൽ ഉളവാക്കുന്നത് ഇതാണ്‘, അതുകൊണ്ട് എല്ലാ ദൈവമക്കളെയും അവിടുന്നു പ്രബോധിപ്പിക്കുന്നത് എല്ലായ്പ്പോഴും ‘ അതിൽ ഉറച്ചു നിൽപിൻ‘ എന്നാണ് ( 1 പത്രൊ 5:12)

ക്രിസ്തു തൻറെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും നമ്മുടെ പിൻതുടർച്ചാവകാശമായി നമുക്ക് വിലയ്ക്കു വാങ്ങി തന്ന സത്യകൃപ ഇതാണ്. ഇന്ന് ബാബിലോന്യ ക്രിസ്ത്യാനിത്വത്തിൽ എല്ലായിടത്തും പ്രസംഗിക്കപ്പെടുന്ന വ്യാജകൃപയുടെ സന്ദേശം കേൾക്കുന്നതുവഴി ഈ അവകാശം നമുക്ക് നഷ്ടമാക്കരുത്.

മുകളിൽ വിവരിച്ചിരിക്കുന്നതൊഴിച്ച് മറ്റെന്തും വ്യാജകൃപയാണ് അത് ഉടനെ തന്നെ സമ്പൂർണ്ണമായി തള്ളിക്കളയണം.

‘ നിങ്ങൾ താഴ്മധരിച്ചുകൊൾവിൻ‘ കാരണം ദൈവം തൻറെ സത്യകൃപ നൽകുന്നത് താഴ്മയുള്ളവർക്കാണ്

അവിടുത്തെ സത്യകൃപ കാണുവാനും അത് സ്വീകരിക്കുവാനും കർത്താവ് നിങ്ങളുടെ ഹൃദയ കണ്ണുകൾ തുറക്കട്ടെ ആമേൻ